# വയത്തൂർ യു.പി സ്കൂൾ, ഉളിക്കൽ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-26

## അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിൻെ പേര് | : വയത്തൂർ യു.പി സ്കൂൾ |
| സ്കൂൾ കോഡ് | : 13469 |
| സ്ഥലം | : ഉളിക്കൽ |
| പിൻകോഡ് | : 670705 |
| സ്കൂൾ ഇമെയിൽ | : vayathurups@gmail.com |
| റവന്യൂ ജില്ല | : കണ്ണൂർ |
| വിദ്യാഭ്യാസ ജില്ല | : തളിപ്പറമ്പ് |
| ബി.ആർ.സി | : പഴയങ്ങാടി |
| സി. ആർ. സി | : ഗവൺമെന്റ് എൽ പി സ്കൂൾ നുച്യാട് |

## ആമുഖം

ഒരു വ്യക്തിയുടെ സർവ്വോന്മുഖ വികാസത്തിലൂടെ ഒരു കുടുംബത്തിൻെറ സമൂഹത്തിൻെറ രാജ്യത്തിൻെ വികസനമാണ് സാധ്യമാകുന്നത്. ആ ലക്ഷ്യത്തിലേക്ക് അവനെ കൈപിടിച്ചുയർത്തുന്നത് വിദ്യാഭാസമാണ്.

ഉളിക്കല്ലിൻെറ വർണ്ണാഭയിൽ ഒരു പൊൻതൂവൽ ആയി പ്രകാശിക്കുന്ന വയത്തൂർ യു.പി സ്കൂൾ അറിവിൻെറ അനന്തവിഹായസിലേക്ക് അനേകായിരങ്ങളെ കൈപിടിച്ചുയർത്തിയ സരസ്വതി ക്ഷേത്രമാണ്. ഈ നാടിൻെറ അഭിമാനമായി ഇവിടത്തെ കൊടിയേറ്റ ജനതയുടെ അധ്വാനത്തിലൂടെയും കൂട്ടായ പരിശ്രമത്തിൻ്റെയും ഫലമായി രൂപംകൊണ്ട ഒരു നാടിൻെറ വിദ്യാഭ്യാസ സങ്കൽപ്പങ്ങളുടെ മൂർത്തരൂപമാണ് ഉളിക്കൽ വയത്തൂർ യു.പി സ്കൂൾ.

പാഠ്യ പാഠ്യേതര രംഗങ്ങളിൽ മികച്ച വിദ്യാലയങ്ങളുടെ പട്ടികയിൽ ഇടം നേടാൻ നമ്മുടെ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട് രക്ഷിതാക്കളുടെയും നാട്ടുകാരുടെയും വിശ്വാസം നേടിയെടുത്ത ഈ സ്ഥാപനത്തെ പൊതു വിദ്യാഭ്യാസമേഖല നേരിട്ട വിദ്യാർത്ഥി ക്ഷാമം അലട്ടിയിട്ടേയില്ല.

സമൂഹത്തിൻറെ വിവിധ മേഖലകളിൽ ഉന്നത പദവിയിൽ എത്തിയ നിരവധി വ്യക്തിത്വങ്ങൾ ഈ വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥികൾ ആയിരുന്നു. ഒട്ടേറെ നേട്ടങ്ങൾ കഴിഞ്ഞകാലങ്ങളിൽ സ്കൂളിന് നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്.

കണ്ണൂർ ജില്ലയിലെ ഇരട്ടി താലൂക്കിന്റെ വടക്ക് കിഴക്ക് ഭാഗത്തായി സ്ഥിതിചെയ്യുന്ന 74.78 ചതുരശ്ര സെൻറീമീറ്റർ വിസ്തീർണ്ണം ഉള്ള ഉളിക്കൽ

പഞ്ചായത്തിലെ ഹൃദയഭാഗത്തായി സ്ഥിതിചെയ്യുന്ന വയത്തൂർ യു. പി സ്കൂൾ 1950 ൽ സ്ഥാപിതമായി.

**ലഘുചരിത്രം**

കണ്ണൂർ ജില്ലയിലെ ഇരട്ടി താലൂക്കിൽപ്പെട്ട ഉളിക്കൽ ഗ്രാമം മലനിരകളോട് ചേർന്ന് പയ്യാവൂർ പായം പടിയൂർ പഞ്ചായത്തുകളുമായി അതിർത്തി പങ്കിട്ട് സ്ഥിതി ചെയ്യുന്നു 1948 മുതൽ ആരംഭിച്ച കുടിയേറ്റത്തിന് മുമ്പ് തന്നെ ആദിവാസികളും കരിമ്പാലരും ഒക്കെ ഇവിടെ കാടിന്റെ മക്കളായി ജീവിച്ചിരുന്നു. ഹൈന്ദവ വിഭാഗത്തിൽപ്പെട്ട കല്ല്യാട്ട് താഴത്തെ കുടുംബക്കാരുടെയും കരിങ്കാലി നായനാരുടെയും വകയായിരുന്നു. ഈ പ്രദേശം കരിങ്കാട്ടിടം നായനാരായിരുന്നു അന്നത്തെ ജന്മി. ജാതിഷ്ഠകളും ഉച്ചനീചത്വങ്ങളും അടിമ വേലകളും നിലനിന്നിരുന്ന ഈ നാട്ടിൽ ശാന്തിയും സമാധാനവും ഐശ്വര്യവും പുരോഗതിയും എത്തിക്കുവാൻ 1948 മുതൽ ഉള്ള കുടിയേറ്റം വഴിതെളിച്ചു. ഹൈന്ദവരും ആദ്യം എത്തിച്ചേർന്നു മുസ്ലിം സമുദായക്കാർ പിന്നീടാണ് ഇവിടങ്ങളിൽ എത്തിയത്. നാടിന്റെ സാമൂഹിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത് നെല്ലിക്കംപൊയിൽ സെന്റ് സെബാസ്റ്റ്യൻ പള്ളി വികാരിയായിരുന്ന വാളായി അച്ഛനും തുടർന്ന് തുടർന്ന് കൊട്ടുകാപ്പള്ളി അച്ഛനും ആയിരുന്നു അതോടൊപ്പം കെ സി എസ്റ്റേറ്റ് കാർ കുഞ്ഞാവ ടി ആർ നാരായണൻ പി സി ജോർജ് മാസ്റ്റർ ഫ്രാൻസിസ് മാസ്റ്റർ കെ വി നായർ എന്നിവരും നാടിന്റെ സാമൂഹിക പുരോഗതിക്ക് ചുക്കാൻ പിടിച്ചവരാണ്. ആരോഗ്യ കേന്ദ്രങ്ങൾ ഒന്നുമില്ലാതിരുന്ന ഇവിടെ നാട്ടുവൈദ്യന്മാർ ആയിരുന്നു ചികിത്സ നടത്തിയിരുന്നത് കുടിയേറ്റക്കാരുടെ

സംഖ്യ വർദ്ധിച്ചതോടെ കുടിയേറ്റ ജനത തദ്ദേശവാസികളുടെ സഹായത്തോടെ റോഡുകൾ നിർമ്മിച്ചു തുടങ്ങി ഈ പ്രദേശത്തെ ചരിത്ര പ്രാധാന്യമർഹിക്കുന്ന ശ്രീവത്തൂർ കാലിയർ ക്ഷേത്രത്തിലേക്ക് കുടക് നിവാസികൾ എല്ലാവരും എല്ലാവർഷവും ഉത്സവത്തോടനുബന്ധിച്ച് കാളപ്പുറത്ത് അരിയുമായി എത്തിയിരുന്നു അവരുടെ വരവിന് വേണ്ടി ക്ഷേത്രകമ്മിറ്റി തെളിച്ച ഊടു വഴിയാണ് പിന്നീട് ഇരിട്ടി -മാട്ടറ റോഡ് ആയി വികസിച്ചത്. പിന്നീട് തലശ്ശേരി കോപ്പറേറ്റിൽ ലയിച്ചു.

2010 മെയ് മാസത്തിൽ ഉളിക്കൽ ഇടവക രൂപം കൊണ്ടത് മുതൽ സ്കൂളിന്റെ ചുമതല ഉണ്ണി മിശിഹാപള്ളിയുടെ കീഴിലായി.

## സ്കൂളിലെ ഇന്നത്തെ അവസ്ഥ

ഇന്നീ വിദ്യാലയത്തിന് ആവശ്യമായ കെട്ടിടങ്ങളും കളി സ്ഥലവും മറ്റു എല്ലാവിധ സൗകര്യങ്ങളും ഉണ്ട്. ഒരേക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. അതിവിശാലമായ ഒരു കളിസ്ഥലം വിദ്യാലയത്തിലുണ്ട് വൃത്തിയുള്ള ക്ലാസ് മുറികൾ, സ്മാർട്ട് ക്ലാസ് റൂം, കമ്പ്യൂട്ടർ ലാബ്, മികച്ച ടോയ് ലറ്റ് സൗകര്യങ്ങൾ ഷീ ടോയ് ലറ്റ് മികച്ച ലൈബ്രറി,സയൻസ് ലാബ് സ്പോട്സ് സാമഗ്രികൾ, കുട്ടികൾക്ക് പാർക്ക്, വെള്ളം കുടിക്കാൻ ഫിൽട്ടർ സൗകര്യം. വിവിധ പരിശീലനങ്ങൾ നൽകുന്നതിനും വെയിലും കൊള്ളാതെ കുട്ടികൾക്ക് അസംബ്ലി ചേരുന്നതിനുള്ള സൗകര്യം വെള്ളത്തിനായി കിണർ കുഴൽ കിണർ സൗകര്യങ്ങൾ എന്നിവ സ്കൂളിന്റെ മറ്റു പ്രത്യേകതകളാണ്.

ജാതിമതഭേതമെന്യേ നിരവധി വിദ്യാർത്ഥികൾ വിദ്യയുടെ വിമല വെളിച്ചം സ്വായത്തമാക്കി ഇവിടെ നിന്നും പുറത്തിറങ്ങുന്നു ഇന്ന് ഈ സ്ഥാപനത്തിൽ ആയിരത്തോളം കുട്ടികൾ പഠിക്കുന്നുണ്ട് 34 അധ്യാപകരും ഒരു അനധ്യാപകനും ഈ വിദ്യാലയത്തിൽ സേവനമനുഷ്ഠിക്കുന്നു. അധ്യാപകരെ

ഒരു ചരടിൽ കോർത്തിണക്കി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഹെഡ് മാസ്റ്റർ തോമസ് സാറിൻെറ നേതൃത്വം ഞങ്ങൾക്ക് ശക്തിയും ഊർജ്ജസ്വലതയും പകരുന്നു. ഇരിക്കൂർ ഉപജില്ലയിലെ ഏറ്റവും അധികം കുട്ടികൾ പഠിക്കുന്നു. എന്ന ബഹുമതിയോടൊപ്പം പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിലും ഒന്നാമത് തന്നെയാണ് ഈ വിദ്യാലയം. അതുപോലെ കോപ്പറേറ്റിലെ മികച്ച സ്കൂളുകൾക്കുള്ള അവാർഡ് തുടർച്ചയായി 11 വർഷം സ്കൂൾ നേടിയിട്ടുണ്ട്. L.S.S , U.S.S, നവോദയപരീക്ഷകളിലും പ്രസംഗ മത്സരങ്ങളിലും, ക്വിസ് പ്രോഗ്രാമുകളിലും, കോപ്പറേറ്റ് പരീക്ഷകളിലും , സംസ്ഥാനതലത്തിൽ നടന്ന ഇന്നവേഷൻ മാരത്തോണിൽ ദേശീയതലത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ഇരിക്കൂർ ഉപജില്ലയിലെ ഏക വിദ്യാലയം എന്ന ബഹുമതിയും നേടാൻ സാധിച്ചു.

**ഭൗതിക സാഹചര്യം**

ക്ലാസ്സ്മുറികൾ ഒറ്റ സമുച്ചയത്തിൽ

തേച്ച് മിനുക്കി ഭിത്തി കെട്ടി തിരിച്ച ക്ലാസ് മുറികൾ

വെയിലുംമഴയും ഏൽക്കാ തെറൂഫിൻ്റെ കീഴിൽഅസംബ്ലി

ക്ലാസ്മുറികളിൽസൗണ്ട് സിസ്റ്റം

സ്മാർട്ട് ക്ലാസ് സൗകര്യം

ടൈൽ പാകിയക്ലാസ്മുറികൾ

- കമ്പ്യൂട്ടർലാബ്
- ആധുനിക ടോയലറ്റ് സൗകര്യം
- അധുനിക പാചകപ്പുര

- സയൻസ് ലാബ്
- ലൈബ്രറി
- പാർക്ക്
- ഫിൽട്ടർ സൗകര്യം

## പൊതു ലക്ഷ്യങ്ങൾ

◆ എല്ലാ കുട്ടികൾക്കും സൗഹൃദപരമായതും കുട്ടികളെ കേന്ദ്രീകരിച്ചിട്ടുള്ളതുമായ രീതിയിൽ പഠനവും പാഠ്യേതര പ്രവർത്തനങ്ങൾ സംഘടിപ്പിക്കും.

◆ പ്രത്യേക പരിഗണനന അർഹിക്കുന്ന കുട്ടികൾക്ക് വ്യത്യസ്തവും നൂതനവും ആയ പഠന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും നിരന്തരം മൂല്യനിർണയം നടത്തി വിലയിരുത്തൽ പട്ടിക തയ്യാറാക്കുകയും ചെയ്യുക

◆ കുട്ടികൾ അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന ഉറപ്പുവരുത്തുക.

🔶 എൽഎസ്എസ് യുഎസ്എസ് മികവ് സ്കോളർഷിപ്പുകൾ ഇൻസ്പെയർ അവാർഡ് എന്നിവയുടെ എണ്ണം കൂട്ടുക.

🔶 പഠനം ആയാസരഹിതവും ആഹ്ലാദകരവുമായി അനുഭവമാക്കി മാറ്റാൻ ഐസിടി സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തും.

🔶 കുട്ടികളുടെ പഠന കാര്യത്തിൽ രക്ഷിതാക്കളുടെ നിരന്തര പിന്തുണ ഉറപ്പാക്കുന്ന തരത്തിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കും.

🔶 എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് ഹിന്ദി സംസാരിക്കാനും വായിക്കാനും എഴുതാനും ഗണിതത്തിൽ അടിസ്ഥാനശേഷി കൈവരിക്കാനുള്ള പ്രവർത്തനങ്ങളും ഉറപ്പാക്കും.

🔶 കുട്ടിയുടെ പഠനതാല്പര്യത്തെയും വ്യക്തിത്വവിക വികസനത്തെയും ദുരിതപ്പെടുത്തുന്നതിനുള്ള പരിഹാര ബോധന പ്രക്രിയയും നിരന്തരം

മൂല്യനിർണയ പ്രക്രിയയും നടത്തും

🔶 അക്കാദമികമായ ഉണർവ് ജനിപ്പിക്കുന്നതിൽ എല്ലാ അധ്യാപകരുടെയും അറിവിൻ്റെ സംഭാവനകൾ പരിഗണിക്കും.

- പഠനത്തിൽ മുന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന കോച്ചിംഗ് ക്ലാസുകൾ സംഘടിപ്പിക്കും.

- ക്ലാസ് ലൈബ്രറി ടീച്ചേഴ്സ് ലൈബ്രറി സ്കൂൾ ലൈബ്രറി വികസനം സാധ്യമാകും.

- ശാസ്ത്ര സാമൂഹ്യ ശാസ്ത്ര ഗണിത ലാബുകളുടെ വികസനം സാധ്യമാകും.

- പഠനയാത്രകൾ സംഘടിപ്പിച്ച് കണ്ടും കേട്ടും നിരീക്ഷിച്ചും പഠനം ഉറപ്പാക്കും

അധ്യാപകരുടെ ഐസിടി പ്രവർത്തനങ്ങൾ പഠനപ്രക്രിയ മെച്ചപ്പെടുത്താൻ ഉപയോഗിക്കും

- പുതിയ ടീച്ചിംഗ് എയ്ഡ് നിർമ്മിച്ച് പഠനപ്രക്രിയ എളുപ്പമാക്കും

- ശാസ്ത്രമേളകളിലും ക്ലബ്ബ് പ്രവർത്തനങ്ങളിലും സയൻസ് പ്രവർത്തനങ്ങളിലും പരമാവധി കുട്ടികളെ പങ്കെടുപ്പിച്ച് പഠനപ്രവർത്തനങ്ങൾ ക്രമപ്പെടുത്തും.

**സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം. വയത്തൂർ യുപിഎസ് ഉളിക്കൽ.**

വയത്തൂർ യുപി സ്കൂളിൽ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി എൽ.പി,യു.പി വിഭാഗങ്ങളിലായി 3 /6/ 2025 മുതൽ 13/ 6/ 2025 വരെ വ്യത്യസ്തങ്ങളായ പ്രവർത്തന പരിപാടികൾ ആലോചിക്കുന്നതിനായി 2/ 6/ 2025 ന് ഉച്ചകഴിഞ്ഞ് സ്കൂൾ എസ് ആർ ജി യോഗം ചേരുകയും സ്കൂൾ മാനേജർ,ഹെഡ്മാസ്റ്റർ എന്നിവരുടെ നേതൃത്വത്തിൽ മുഴുവൻ അധ്യാപകരും പിടിഎ പ്രതിനിധികളും ഉൾക്കൊള്ളുന്ന ഒരു സമിതി രൂപീകരിക്കുകയും ചെയ്തു. 3/ 6/ 2025 മുതൽ 13/6/ 2025 വരെ എല്ലാ ദിവസവും 2.30 മുതൽ 3.30 വരെയുള്ള സമയം സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിക്കായി നീക്കി വയ്ക്കാനും, എൽ. പി, യു. പി വിഭാഗങ്ങളിൽ തീം അടിസ്ഥാനത്തിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നതിന് ക്ലാസ് അടിസ്ഥാനത്തിൽ അധ്യാപകർക്ക് ചാർജ് നൽകുകയും ചെയ്തു.

ജൂൺമാസം 3,4,5 തീയതികളിലായി എൽ പി, യുപി വിഭാഗങ്ങളിൽ ഡെൽബിൻ സാർ, സിജോ സാർ,ജോയ്സി ടീച്ചർ, സ്മിതാ സിസ്റ്റർ, ഫാദർ നിതിൻ എന്നിവർ ക്ലാസുകൾ കൈകാര്യം ചെയ്തു. എൽ പി വിഭാഗത്തിൽ, പൊതുകാര്യങ്ങൾ,റോഡ് നിയമങ്ങൾ, വ്യക്തി ശുചിത്വം എന്നീ വിഷയങ്ങളിലും യുപി വിഭാഗത്തിൽ, മയക്കുമരുന്ന്, ലഹരി ഉപയോഗം, ട്രാഫിക് നിയമങ്ങൾ,ശുചിത്വം എന്നീ വിഷയങ്ങളിലും അധ്യാപകർ ക്ലാസുകൾ കൈകാര്യം ചെയ്തു.

9, 10,11 തീയതികളിൽ എയ്ഞ്ചൽ ടീച്ചർ, ജോസ്ന സിസ്റ്റർ, ബിന്ദുമോൾ ടീച്ചർ, നിൻസി ടീച്ചർ,ജൂലി ടീച്ചർ ജിനോയ് സാർ എന്നിവർ ക്ലാസുകൾ നൽകി. ആരോഗ്യം വ്യായാമം, ഡിജിറ്റൽ അച്ചടക്കം, പൊതുമുതൽ

സംരക്ഷണം, എന്നീ വിഷയങ്ങളിൽ കുട്ടികൾക്ക് ബോധവൽക്കരണവും സുംബാ ഡാൻസ് പ്രാക്ടീസും നൽകി.

12, 13 തീയതികളിൽ ഗ്രീഷ്മ ടീച്ചർ,ബിന്ദു എൻ ജെ ടീച്ചർ, ജോണിക്കുട്ടി സാർ, ജിസ്മി ജോർജുകുട്ടി ടീച്ചർ ജിസ്ന ടീച്ചർ എന്നിവർ ക്ലാസ്സുകൾ കൈകാര്യം ചെയ്തു. പരസ്പര സഹകരണത്തിന്റെ പ്രാധാന്യം, പൊതു ക്രോഡീകരണം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യപ്പെട്ടു.

കുട്ടികളിൽ ഉളവാകേണ്ട ധാരണകൾ വികസിക്കാനുള്ള ഒരു പ്രവേശിക എന്ന നിലയിലാണ് 10 ദിവസത്തോളം നീണ്ടുനിന്ന ഈ പ്രവർത്തന പദ്ധതിയെ സമീപിച്ചത്.കുട്ടികളുടെ പഠനനിലവാരം അറിയുന്നതിനും അവർക്ക് ആവശ്യമായ പഠനം പിന്തുണ നൽകുകയും ചെയ്യുക എന്നതുമാണ് സമഗ്ര ഗുണമേന്മ പദ്ധതിയുടെ അനിവാര്യ ഘടകം.

സുംബാ ഡാൻസ്, മലയാള തിളക്കം പോലുള്ള വായന പരിപോഷണ പരിപാടികൾ, ലഹരി വിമുക്ത ബോധവൽക്കരണപരിപാടികൾ, തുടങ്ങിയ പദ്ധതികൾ ഈ വർഷം മുഴുവനും തുടരുന്നതിനും തീരുമാനമായി

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ഭാഷയുടെ അടിസ്ഥാനശേഷി വികസനം ആശയസംവേദനം നടത്താനും പദസമ്പത്ത് | 1 **എൻറെ അവധിക്കാലം**<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ | 1 ജൂൺ മാസ0 | മലയാളം അധ്യാപകർ | |

| | | | | |
|---|---|---|---|---|
| വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | വ്യവഹാരങ്ങളിലൂടെ (കഥ കവിത യാത്രാ അനുഭവം അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു<br>**b ഭാഷാകേളി**<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു<br>***C വാക്കുകളിൽനിന്നും വാക്യത്തിലേക്ക്***<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | b എല്ലാ ദിവസവും | മലയാളം / ഐ ടി അധ്യാപകർ | |

| | | | | |
|---|---|---|---|---|
| പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക | **വാർത്താ ലോകത്തേക്ക്**<br><br>പത്രം ആഴ്ചപ്പതിപ്പ് മാസികൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണ ശുദ്ധി വളർത്തുകയും ചെയ്യുന്നു<br><br>**വാർത്താ വായന**<br><br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തെരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു | b എല്ലാ ദിവസവും<br><br>എല്ലാ ദിവസവും<br><br>പ്രതിമാസം | | |

| | | | | |
|---|---|---|---|---|
| പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | 3 പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചോൽക്കാഴ്ചകൾ ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു | അക്കാദമികവർഷം<br>ഒരു വർഷം | മലയാളം / ഐടി അധ്യാപകർ | |
| 4.മലയാളം ടൈപ്പിംഗ് പഠിപ്പിക്കലും അതിലുള്ള സർഗാത്മകശേഷി വളർത്തലും | ഇ – കമ്പ്യൂട്ടറിംഗ്<br>മുഴുവൻ കുട്ടികളും മലയാളം ടൈപ്പിംഗ് പരിശീലിപ്പിക്കുകയും ഈ മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു .സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | മലയാളം അധ്യാപകർ | | |

| **Aim** | **Activities** | **Month** | **Responsible Person** | **Economic Source** |
|---|---|---|---|---|
| To encourage Listening and Speaking<br><br>To encourage Reading<br><br>To develop Writing Skills | Interactive story telling sessions<br>Group discussion and Role play<br>Vocabulary game<br><br>Interactive Reading Circles<br><br>Improve sentence structure<br>Practice for creative writing tasks | June - July<br><br>August - December | English Teacher | English Club |

| | | | | |
|---|---|---|---|---|
| Expand vocabulary through reading and interactive activities<br><br>Language Games, Puzzles and Activities.<br><br>Differentiation and Support. | Preparing and delivering speeches<br><br>Interactive grammar games<br><br>Worksheets on parts of speech, punctuation and sentence types.<br><br>To reinforce vocabulary, grammar and language skill in an engaging way.<br><br>Provide additional support and resources.<br><br>Offer opportunities for enrichment an extension activity to extend learning beyond the core curriculum and cater to students interests and strength.<br><br>Use variety of assessment methods such as quizzes, tests, essays, et.<br><br>Provide timely and constructive feedback to students. | January – February<br><br>Throughout the Year<br><br>Throughout the Year | English Teacher | English Club |

| | | | | |
|---|---|---|---|---|
| Assessment and Feedback<br><br>Parent Involvement | Involve students in self-assessment.<br><br>provide resources and tips for parents on how to support their child's literacy in home.<br><br>Encourage parents with expertise in English Language teaching.<br><br>Collaborate with parents to create English language learning materials such as flashcards, games etc. | | English Teachers & PTA Members & Parents | |
| **പ്രവർത്തനം** | **ലക്ഷ്യം** | **കാലാവധി** | **ഭൗതീകം** | **പിന്തുണ** |
| അക്ഷരം എഴുത്ത് ചിഹ്നംഉറപ്പിക്കാൻ അക്ഷര കാർഡുകൾ./ വാക്കുകൾ /എഴുതിയ കാർഡ് /ക്ലാസ്സിൽ അക്ഷരമാല പ്രദർശനം /ഓൺലൈൻ അക്ഷരമാല കളികൾ വാക്കുകൾ എഴുതിയ | 1എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | Jane - August | 1അക്ഷര ചാർട്ട് പാഠപുസ്തകം | ഹിന്ദി ടീച്ചർ /HM |

| | | | | |
|---|---|---|---|---|
| കാർഡുകൾ വാക്കുകൾ നിർമാണം വാക്യങ്ങളുടെ നിർമ്മാണം | | | | |
| വീട്ടിൽ ഉപയോഗിക്കുന്ന ഗ്രഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക<br>ICT സഹായത്തോടെ വസ്തുക്കളും വാക്കുകളും പരിശീലിപ്പിക്കാനുള്ള അവസരം<br>CWSNകുട്ടിക ളുടെ പങ്കാളിത്തം | വീട് ഒരു പരീക്ഷണശാല കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക | September to october | 2ഹിന്ദി നിഘണ്ടു | |
| ഹിന്ദി അസംബ്ലി ദിനാചരണങ്ങൾ പ്രത്യേകിച്ച് സെപ്റ്റംബർ 14 ജനുവരി 10 ക്ലാസ് ലൈബ്രറി അധിക വായന സാമഗ്രികൾ ചിത്ര സഹായത്തോടെ ചിത്രകഥ തയ്യാറാക്കാൻ ചിത്രം കഥ പറയൽ<br>ഹിന്ദി ക്ലബ് പ്രവർത്തനങ്ങൾ | ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനും ഉള്ള അവസരം (സുരലീ ഹിന്ദി) | 3 November to Februrary | 3പുസ്തകങ്ങൾ | |

| നമ്പർ | പ്രവർത്തനം | പ്രവർത്തനഘട്ടം | കാലയളവ് | ചുമതല | വിലയിരുത്തൽ |
|---|---|---|---|---|---|
| 1 | ഉർദു വായന | വായന മത്സരങ്ങൾ ക്വിസ്മത്സരം / ബാലമാസിക / വായന കാർഡുകൾ | വിവിധ ദിനാചരങ്ങളിൽ | ഉർദു ക്ലബ് | H M<br>സബ്ജക്റ്റ് കൺസിൽ |
| 2 | മേരേ അൽഫാസ് ഉർദു കയ്യെഴുത്ത് മാഗസിൻ | രചനാശേഷി വളർത്തൽ<br>കുട്ടികളുടെ രചനകൾ ഉൾപെടു ത്തികൊണ്ട് മാഗസിൻ | ടേമിൽ ഒന്ന് വീതം | | |
| 3 | ഉർദു സാഹിത്യത്തെ പരിചയപ്പെടൽ | ഉർദുവിലെ പ്രസിദ്ധരായ എഴുത്തുകാരുടെ രചനകൾ പരിചയപ്പെടുത്തുക | വർഷത്തിൽ ഒന്ന് | | |
| 4 | ഉർദു ശില്പശാല | ഭാഷാശേഷി വളർത്തുന്നതിന്ഉതകുന്ന വിവിധപരിപാടികൾ | വർഷത്തിൽ ഒന്ന് | | |
| 5 | ഗസൽ ആലാപനം, കുട്ടികവിത | ഉർദു ഗസലി നെയും ഹിന്ദുസ്ഥാനി സംഗീതത്തേയും അടുത്തറിയുന്നത ത്തറ | | | |

| | | | | | |
|---|---|---|---|---|---|
| 6 | വായനാ ആസ്വാദനം | കുട്ടികളിലെ അഭിനയകഴിവും അവതരണശേഷിയും പരിപോഷിപ്പിക്കും വിധം സ്കിറ്റ് അവതരണം. | | | |
| 7 | ദിനാചരങ്ങൾ<br>ഉറുദു ദിനം | ടാലൻറ്മീറ്റ്,അക്ഷര പൂക്കളം എൻറപതിപ്പ്. ഭാഷാശേഷി വളർത്തുന്നതിനുതകുന്ന രീതിയിൽ വിവിധദിനാചരണ പരിപാടികൾ സംഘടിപ്പിക്കൽ | | | |

| അക്കാദമിക മാസ്റ്റർ പ്ലാൻ: യുപി സയൻസ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 1)ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ. | **നിശാഗന്ധി ജൈവവൈവിധ്യ പാർക്ക്.**<br>ഔഷധത്തോട്ടം പച്ചക്കറി തോട്ടം ശലഭോധ്യാനം കുളം ജൈവവേലിൽ മുളകൾ കൊണ്ടുള്ള | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ, ഊർജ്ജ ക്ലബ്ബ്, സയൻസ് ക്ലബ്, ഹെൽത്ത് ക്ലബ്ബ് | പി ടി എ |

| | | | | |
|---|---|---|---|---|
| | ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | | | |
| | **കണ്ടറിയാനൊരു ഒരു യാത്ര**<br><br>വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്താൻ ജൈവവൈവിധ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം കണ്ടൽക്കാട് നിരീക്ഷണം പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ | ശാസ്ത്ര അധ്യാപകർ,ഊർജ്ജ ക്ലബ്ബ്, സയൻസ് ക്ലബ്, ഹെൽത്ത് ക്ലബ്ബ് | രക്ഷിതാക്കൾ |
| | **പരീക്ഷണ കളരി**<br><br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ | ജൂൺ മുതൽ | ശാസ്ത്ര അധ്യാപകർ,ഊർജ്ജ ക്ലബ്ബ്, സയൻസ് ക്ലബ്, | |

| | | | | |
|---|---|---|---|---|
| | ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്ന പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | | ഹെൽത്ത് ക്ലബ്ബ് | |
| 2) ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക ആധുനിക ശാസ്ത്ര ഉപകരണങ്ങൾ | **മാസ്റ്റർ മൈൻഡ്** ഊർജ്ജ ക്ലബ്ബ് ആരോഗ്യ ക്ലബ്ബ് ശാസ്ത്ര ക്ലബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാ | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ,ഊർജ്ജ ക്ലബ്ബ്, സയൻസ് ക്ലബ്, ഹെൽത്ത് ക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | നുള്ള അവസരം നൽകുന്നു.<br><br>**എക്സ്പോ - എക്സ്പ്ലോർ**<br><br>ആധുനിക ശാസ്ത്ര ലോകത്തിൻറെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ. | സയൻസ് ക്ലബ്ബ് |

# യു പി സാമൂഹ്യശാസ്ത്രം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ ഇവ | ഓർമ്മച്ചെപ്പ്-<br>ദേശീയതല മുതൽ ജില്ലാതലം വരെയുള്ള നദികൾ ,ഭൂപകൃതി, തലസ്ഥാനങ്ങൾ | അക്കാദമിക | സാമൂഹ്യ ശാസ്ത്ര | |

| | | | | | |
|---|---|---|---|---|---|
| | പരിശോധിക്കൽ നേടിയെടുക്കൽ | തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ഐ സി ടി സാധ്യതകൾ ഉപയോഗിച്ച് മെമ്മറി ടെസ്റ്റ് നടത്തുന്നു, | വർഷാരംഭം | അധ്യാപകർ | |
| 2 | ഭൂപട വായന കുട്ടികളിൽ വളർത്തുക. സ്ഥലം നിർണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക. | ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്ന<br>കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നു.മാപ്പ് ,അറ്റ്ലസ്, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു | വർഷം മുഴുവൻ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3 | കുട്ടികളുടെ അവകാശങ്ങളുമായി ബന്ധപ്പെട്ട ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്നും സംരക്ഷിതമാക്കുന്ന നിയമം (2012 | ബോധവൽക്കരണ ക്ലാസ്-<br>ഭയരഹിതമായും സുരക്ഷിത<br>മായും സമൂഹത്തിൽ ജീവിക്കുവാൻ ഓരോ കുട്ടിക്കും | | സാമൂഹ്യ ശാസ്ത്ര | |

| | | | | | |
|---|---|---|---|---|---|
| | )കൃത്യമായ അറിവ് നേടൽ | അവകാശമുണ്ട്. സുരക്ഷിതമല്ലാത്ത സ്പർശനം ,നോട്ടം പ്രവർത്തികൾ ഇത്തരം പ്രവർത്തികളോട് അരുത് എന്ന് പറയുവാനുള്ള കരുത്ത് കുട്ടികളിൽ വളർത്തിയെടുക്കുക. | അക്കാദമിക വർഷം | അധ്യാപകർ | |
| 4 | ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | ഗ്രാമസഭ ,വാർഡ്സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത ജനാധിപത്യ രീതിയിലുള്ള അടിസ്ഥാനതലം മനസ്സിലാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 5 | കൃഷിയെക്കുറിച്ചും വിവിധ കൃഷിരീതികളെക്കുറിച്ച് മനസ്സിലാക്കുന്നതിനുമായി | വിവിധ കൃഷിരീതികൾ അവയുടെ നേട്ടങ്ങൾ എന്നിവ കണ്ടു മനസ്സിലാക്കുന്നതിനായി കൃഷി ഫാം സന്ദർശിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 6 | ഗ്ലോബ് നിർമ്മാണം | അക്ഷാംശ - രേഖാംശ രേഖകൾ, ഭൂമധ്യരേഖ കൃത്യമായി മനസ്സിലാക്കുന്നതിന് വേണ്ടി ഗ്ലോബ് നിർമ്മാണം. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി ടി എ ഫണ്ട് |
| 7 | നമ്മുടെ നാടിൻറെ ചരിത്രം മനസ്സിലാക്കുന്നതിന് സാംസ്കാരികമായി അതിൻറെ തനിമ നിലനിർത്തുന്നതിന്. | നാടിൻറെ ചരിത്രം തേടി പ്രാദേശിക അന്വേഷണങ്ങൾ നടത്തുകയും ശില്പശാല നടത്തുകയും ചെയ്യുക. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 8 | സമൂഹത്തിൻറെ മുന്നോട്ടുപോക്കിന് സഹായം ആകുന്ന സാമൂഹ്യ സ്ഥാപനങ്ങളുടെ | പോലീസ് സ്റ്റേഷൻ പോസ്റ്റ് ഓഫീസ് പഞ്ചായത്ത് വില്ലേജ് ആശുപത്രി മുതലായവയിലേ | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര | |

| | | | | | |
|---|---|---|---|---|---|
| | പ്രാധാന്യം തിരിച്ചറിയുന്നതിന്. | ക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ | | അധ്യാപകർ | |
| | | | | | |

ഗണിതം യു.പി 2025-26

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | അടിസ്ഥാനം ഗണിതക്രിയ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തൽ | ഗണിത ശില്പശാല | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | ഗണിത ക്ലബ്ബ് / പിടിഎ) |
| 2 | രസകരമായ ഗണിതശാസ്ത്ര പഠനവും കരചലന പ്രവർത്തനങ്ങളുടെ വികാസവും | ഒറിഗാമി ശിൽപ്പശാല | ആഴ്ചയിൽ ഒരു പീരീഡ് | ഗണിത അധ്യാപകർ/ ഗണിത ക്ലബ്ബ് അംഗങ്ങൾ | |
| 3 | ഗണിത പഠന പ്രവർത്തനങ്ങൾ സുഖമാക്കാൻ | ഗണിത ഗ്രാമം | ആവശ്യാനുസരണം | | |
| 4 | ഗണിതം മധുരമാക്കൽ | ഐടി സാധ്യതകളിലൂടെ | | | |

| | | | | | |
|---|---|---|---|---|---|
| 5 | ഗണിത മേഖലയിൽ കുട്ടികളുടെ താല്പര്യം വർധിപ്പിക്കൽ | ഗണിത ക്ലിനിക്ക് | | | |
| 6 | ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ ഗണിത പഠനത്തിന് ഉപയോഗപ്രദമാക്കുക | (ദിനാചരണം)-SRG | | | |
| 7 | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളിലെ മുന്നിലേക്ക് കൊണ്ടുവരിക | | | | |
| 8 | വിവിധ ശേഷികളുടെ വികാസം | | | | |